# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/2395/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/2395/2023 തീയ്യതി: 04/12/2023

## മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 17-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ. കെ. കെ. (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2023 | 27-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|
| 18-10-2023 | 27-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. നസ്സീർ ടി.കെ. ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസുഫ് പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അമീൻ ഫൈസൽ ടി.ടി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഷീബ പി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീജ മോൾ | പ്രസിഡന്റ് | 01-04-2022 | 19-04-2022 |
| ശ്രീ. മുഹമ്മദ് അഫ്സൽ അലി കെ. ടി. | പ്രസിഡന്റ് | 20-04-2022 | 31-03-2023 |
| ശ്രീ. സുനിമോൻ എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 20-04-2022 |
| ശ്രീ. ജെബരാജ് പി. | സെക്രട്ടറി | 21-04-2022 | 06-10-2022 |
| ശ്രീ. സുനിൽകുമാർ ടി. പി. | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജസീല മോൾ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-10-2022 |
| ശ്രീമതി. സൌമ്യ പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2022 | 31-03-2023 |
| ഡോ. ഷീജ വാസു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. റജീന. കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജഹാൻ. എസ് | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2022 | 22-07-2022 |
| ശ്രീമതി. ദിവ്യ കെ. പി. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 23-07-2022 | 31-03-2023 |
| ശ്രീ. രവീന്ദ്രൻ. യു. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്വപ്ന കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സലീന പടിക്കൽ | മെഡിക്കൽ ഓഫീസർ (FHC) | 01-04-2022 | 31-03-2023 |
| ഡോ.ഷഹന.സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധുലേഖ ടി.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീ. നഹാസ് എം. | അസിസ്റ്റന്റ് സെക്രട്ടറി | 05-05-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ. ജി.എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം സി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | പ്രതിമാസ റീകൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-5 |
| 7 | നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം | 1-1-7 |
| 9 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പായി ചേർത്തതിൽ വ്യത്യാസം | 1-1-9 |
| 11 | രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വായ്പാ രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകിയത് പ്രത്യേക ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-14 |
| 16 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമപെൻഷൻ | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 27 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 28 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-13 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-14 |
| 30 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടീജന്റ് ചെലവ് -വിനിയോഗ വിവരം ലഭ്യമാക്കണം | 1-15 |
| 31 | ഡെപ്പോസിറ്റ് /മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-16 |
| 32 | അംഗനവാടി ഇലക്ട്രിഫിക്കേഷൻ -അപാകതകൾ | 1-17 |
| 33 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -അപാകതകൾ | 1-18 |
| 34 | തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ | 1-19 |
| 35 | മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-20 |

| | | |
|---|---|---|
| 36 | ദുരിതാശ്വാസ നിധി -സർക്കാർ നിർദ്ദേശം പാലിക്കണം | 1-21 |
| 37 | ലൈബ്രറി സെസ്സ് അടവാക്കൽ -അപാകതകൾ | 1-22 |
| 38 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. | 1-23 |
| 39 | വിവിധ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കണം | 1-24 |
| 40 | ബഡ്സ് സ്കൂൾ ശമ്പളം നൽകൽ -തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് | 1-25 |
| 41 | മിനി മാസ്റ്റ് (എസ്.സി)സ്ഥാപിക്കൽ -അപാകതകൾ | 1-26 |
| 42 | വാട്ടർ ടാങ്ക് (എസ്.സി)വിതരണം -അപാകതകൾ | 1-27 |
| 43 | ആശ്രയ കിറ്റ് വിതരണം -അപാകതകൾ | 1-28 |
| 44 | അഗതി രഹിത കേരളം പദ്ധതി-പ്ളാൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച് | 1-29 |
| 45 | അഗതി രഹിത കേരളം പദ്ധതി-മോണിട്ടറിങ് കാര്യക്ഷമമല്ല | 1-30 |
| 46 | വിരമരുന്ന് (വെറ്റിനറി)സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയില്ല | 1-31 |
| 47 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ഫർണീച്ചർ–ടെണ്ടർ നടപടിയിലെ അപാകതകൾ | 1-32 |
| 48 | അംഗണവാടികളിലേക്ക് ഫർണീച്ചർ–സർക്കാർ നിർദ്ദേശം ലംഘിച്ച് ഫർണീച്ചർ വാങ്ങി | 1-33 |
| 49 | പറയൻ ചോലകുളം നവീകരണം; 50921/- രൂപയുടെ അധിക ചെലവ്. | 1-34 |
| 50 | സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ; 9052/- രൂപയുടെ അധിക ചെലവ്. | 1-35 |
| 51 | താഹിർകുട്ടിപ്പടി തവയിൽ റോഡ് നവീകരണം; 6470/- രൂപയുടെ അധിക ചെലവ്. | 1-36 |
| 52 | വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം; 4841/- രൂപയുടെ അധിക ചെലവ്. | 1-37 |
| 53 | മേനോൻ കാട് ഡ്രൈനേജ്; 11068/- രൂപയുടെ അധിക ചെലവ് | 1-38 |
| 54 | പാക്കത്ത് രണ്ടിരിത്തോട് ഡ്രൈനേജ്; 9320/- രൂപയുടെ അധിക ചെലവ് | 1-39 |
| 55 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-40 |
| 56 | മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ രേഖകൾ ഹാജരാക്കണം | 1-41 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പറയൻ ചോലകുളം നവീകരണം; 50921/- രൂപയുടെ അധിക ചെലവ്. | 3-1 |
| 2 | സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ; 9052/- രൂപയുടെ അധിക ചെലവ്. | 3-2 |
| 3 | താഹിർകുട്ടിപ്പടി തവയിൽ റോഡ് നവീകരണം; 6470/- രൂപയുടെ അധിക ചെലവ്. | 3-3 |
| 4 | വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം; 4841/- രൂപയുടെ അധിക ചെലവ്. | 3-4 |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 04/12/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 പ്രതിമാസ റീകൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

### 1-1-5 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 760308/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 7141518/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഷിക കണക്കിലെ ഷെഡ്യൂൾ B-12 പ്രകാരം നിക്ഷേപം ആയി 6000000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-7 ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ് തുകയും തമ്മിൽ വ്യത്യാസം

ചുവടെ ചേർത്ത അക്കൌണ്ടിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് | മാർച്ച് 2023ന് ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | മാർച്ച് 2023ലെ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | ASCB OWN FUND | 6233388.55 | 6220553.55 | 12835/- |

### 1-1-8 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്ത അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൌണ്ട് | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | Union Bank HG For Infrastructure | 345922010000960 |
| 2 | Union Bank HG FOR PHC | 34592201000961 |
| 3 | Kerala Gramin Bank | 40129101065350 |
| 4 | Anamangad Service Co-operative Bank Distress | 12345 |
| 5 | SBI SSA | 67011081991 |
| 6 | DCB EMS Housing | 090041000900111 |
| 7 | Anamangad Service Co-operative Bank സാക്ഷരത | 3203 |

### 1-1-9 കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ് തൻവർഷത്തെ മുന്നിരിപ്പായി ചേർത്തതിൽ വ്യത്യാസം

കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പായി ചേർത്തതിൽ വ്യത്യാസമുണ്ട്.

| ഹെഡ്കോഡ് | ഇനം | കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | തൻവർഷത്തെ മുന്നിരിപ്പായി ചേർത്ത തുക (തൻവർഷത്തെ ലെഡ്ജർ പ്രകാരം) |
|---|---|---|---|
| 460509901 | Advance To Others | 1291476(ഷെഡ്യൂൾ B-18) | 69900 |

### 1-1-10 രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപെടുന്നില്ല.

ചുവടെ ചേർത്ത ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ്കോഡ് | ഇനം | തൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (ഷെഡ്യൂൾ B-18) | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 460509901 | Advance To Others | 69900 | 1721864 |

## 1-1-11 വായ്പ്പാ രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല

തൻ വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം വായ്പ്പാ ഇനത്തിൽ 2,93,44,764 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ വായ്പ്പാ രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-12 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഷെഡ്യൂൾ RP-10 പ്രകാരം തൻവർഷം 1,13,393 രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-13 സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്തിൽ ILGMS നടപ്പിലാക്കിയ വേളയിൽ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ പി ഡി ഇ ( Past Data Entry) ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടൊയെന്ന് പരിശോധിക്കാനായിട്ടില്ല.

## 1-1-14 ഡെപോസിറ്റ് വർക്കുകൾക്ക് തുക നൽകിയത് പ്രത്യേക ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ 8/23, 130/23, 181/23 എന്നീ പ്രോജക്ടുകളിലായി ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് യഥാക്രമം 173000, 96453, 152863 രൂപ KSEBയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ B-18ൽ ആയത് ഉൾപ്പെട്ടിട്ടില്ല.

## 1-1-15 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപെടുന്നില്ല

ചുവടെ ചേർത്ത ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ്കോഡ് | ഇനം | ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 310900101 | Excess Of Income Over Expenditure | 3018151.5 | -25344202.5 (ഷെഡ്യൂൾ B-1) |

(ഖണ്ഡിക 1-1-1 മുതൽ 1-1-15 വരെയുള്ള അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി 13/21.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ / തിയ്യതി | ബജറ്റ് പുതുക്കിയ തീരുമാന നമ്പർ / തിയ്യതി |
|---|---|
| 1(1) / 26.03.2022 | 1(1) / 28.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,77,14,163.05 |
| വരവ് | 25,10,05,113 |
| ആകെ | 26,87,19,276.05 |
| ചെലവ് | 24,38,63,595 |
| നീക്കിയിരിപ്പ് | 2,48,55,681.05 |

വരവ്/ചെലവ് തുകകളിൽ Receipt And Payment പത്രിക പ്രകാരമുള്ള വരവ്/ചെലവ്, ACR പ്രകാരമുള്ള ചെലവ്, ക്ഷേമപെൻഷനുകൾ, തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക എന്നിവ ഉൾപ്പെടുന്നു.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21287456 | 21287456 | 19205430 | 2082026 |
| വികസന ഫണ്ട് (SCP) | 0 | 8856360 | 8856360 | 8856360 | 0 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്-ബേസിക് | 0 | 4233000 | 4233000 | 5585329 | -1352329 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്-ടൈഡ് | 0 | 6741141 | 6741141 | 6553196 | 187945 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 9015000 | 9015000 | 6985941 | 2029059 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 7747000 | 7747000 | 6829565 | 917435 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 304 | 383206265 | 236 | 107333141 | 68 | 77.63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 410416 | 740770 | 1151186 | 938527 | 212659 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24786000 | 24786000 | 24786000 | 0 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4126200 | 390 |
| വിധവാ പെൻഷൻ | 19586600 | 1831 |
| വാർദ്ധക്യകാല പെൻഷൻ | 30136000 | 2857 |
| വികലാംഗ പെൻഷൻ | 6451400 | 611 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1662200 | 158 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. Cash Book പ്രകാരം 139286/- രൂപയും (OB) നീക്കിയിരിപ്പുണ്ട്. കൂടാതെ 26.10.23 ലെ വരവ് 2050/- രൂപയുമാണ്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 2050/- രൂപ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. ILGMS ലെ പിഴവാണ് 139286/- രൂപയുടെ വ്യത്യാസത്തിന് കാരണമെന്നറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

.വിവിധ ഏജൻസികളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയപ്പോൾ പ്രവൃത്തികളുടെ തുടർനടപടിയും പൂർത്തീകരണവും നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മുൻകൂർ തുക നൽകുന്ന പ്രവൃത്തികളിലും പെയ്മെന്റ് നൽകിയതിനു ശേഷം ILGMSൽ ഫയൽ ക്ലോസ് ചെയ്യുന്നതിനാൽ തുടർ നിരീക്ഷണം സാധ്യമല്ലാതെ വരുന്നു.

2.വിവിധ പ്രൊജക്ടുകളുടെ നടത്തിപ്പിനായി KSEB ക്ക് മുൻകൂർ നൽകിയ തുകകൾ മുൻകൂർ ഹെഡിൽ ബുക്ക് ചെയ്യാതെ ചെലവ് ഹെഡിൽ ബുക്ക് ചെയ്തു.

3.ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രൊജക്ടുകളിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2023 | 01.11.2022 മുതൽ 31.12.2022 വരെ | 10.01.2023 |
| എ.ജി. ഓഡിറ്റ് | 20.11.2019 മുതൽ 29.11.2019 വരെ | 2014-15 മുതൽ 2018-19 വരെ | 24.12.2019 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

2022-23 വർഷത്തെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2) വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11.05.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ, കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 1(1) നമ്പർ തീരുമാന പ്രകാരവും, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ എന്നിവ 1(2) നമ്പർ തീരുമാന പ്രകാരവും ഗ്രാമ പഞ്ചായത്തിലെ നിലവിലെ റോഡുകളുടെ വർഗീകരണം 1(3) നമ്പർ തീരുമാന പ്രകാരവും താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. 16.08.2023 ന് അന്തിമ വിജ്ഞാപനം അംഗീകരിക്കുകയും ആയത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
- റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
- വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 590 അപേക്ഷകളിൽ നവംബർ ആദ്യ വാരം മുതൽ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

  കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനം നടത്തുന്നതിനായി ഓരോ വാർഡിലേക്കും നിയമിക്കുന്നതിന് പത്രപരസ്യം നൽകുന്നതിന് 25.05.2023ലെ 6(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയോഗം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി സേവനത്തിന് തയ്യാറായവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും ഫീൽഡ് തല പരിശോധന നവംബർ ആദ്യ വാരം മുതൽ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**3). സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**4).ലൈസൻസ് ഫീസ്**

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 189900/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത് (തൻ വർഷത്തെ കളക്ഷൻ-130,700/-, അഡ്വാൻസ് കളക്ഷൻ-52,000/-, അരിയർ കളക്ഷൻ-7,200/-). ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്താത്തതിനാൽ ലൈസൻസ് ഫീസ് ഇനത്തിൽ

ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5).തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

തുടർനടപടികൾ അറിയിക്കേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ (വിനിയോഗ വിവരം ലഭ്യമാവാത്തവ )അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.നം | സാമ്പത്തിക വർഷം | പ്രൊജക്ട് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2014-15 | 250/15- വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ | സെക്രട്ടറി | KSEB | OwnFund - 55471 | 0 | 55471 വിനിയോഗ വിവരം ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 2016-17 | 163/17വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ | സെക്രട്ടറി | KSEB | 150000(OwnFund) | 0 | 150000-വിനിയോഗ വിവരം ലഭ്യമല്ല |
| 3 | 2016-17 | തുത വൈദ്യൂതി ലൈൻ ശേഷികൂട്ടൽ | സെക്രട്ടറി | KSEB | 96750(OwnFund) | 0 | 96750/-വിനിയോഗ വിവരം ലഭ്യമല്ല |
| 4 | 2019-20 | പോസ്റ്റ് മാറ്റി വെക്കൽ 280/19 | സെക്രട്ടറി | KSEB | 20069(OwnFund) | 0 | 20069/-വിനിയോഗ വിവരം ലഭ്യമല്ല |
| 5 | 2019-20 | പോസ്റ്റ് മാറ്റി വെക്കൽ 280/19 | സെക്രട്ടറി | KSEB | 20194(OwnFund) | 0 | 20194/-വിനിയോഗ വിവരം ലഭ്യമല്ല |
| 6 | 2021-22 | 245/22 ഒടമല റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | സെക്രട്ടറി | KSEB | 56016(OwnFund) | 0 | 56016/-വിനിയോഗ വിവരം ലഭ്യമല്ല |
| | | ആകെ | | | 343029 | | 343029 |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:2/22-23/18.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി യൂണിയൻ ബാങ്ക് ശാഖയിൽ (ആനമങ്ങാട് ശാഖ) ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-510101001542582) 01.04.22 ന് 1384854/- രൂപ മുൻബാക്കിയും 31.3.2023ന് 4971980/- രൂപ നീക്കിയിരിപ്പും ഉണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടയിട്ടുണ്ട് . തുക പഞ്ചായത്ത് എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 02/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 100000/- |
| ചെലവ് | Rs. 100000/- |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 221503520356009O3646/ 14.12.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PF-688/ 28.10.2022 |

മേൽ പ്രൊജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 100000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ 75060 രൂപയുടെ മരുന്നുകൾ ആണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുള്ളത്.

| മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|
| Invoice No. LF925 /09.08.2023 | 75060/- |

ശേഷിക്കുന്ന 24940/- രൂപയുടെ മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് രേഖാമൂലം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ താഴെപ്പറയുന്ന മുൻകൂർ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. 25000 ൽ അധികരിച്ചുള്ള ചെലവുകൾക്ക് പ്രൊജക്ട് തയ്യാറാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| സ്ഥാപനം | തുക | വൗച്ചർ നം |
|---|---|---|
| 1.മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 200000 | 22200179/22.6.22 |
| 2.കൃഷി ഓഫീസർ | 75000 | 22200180/22.6.22 |
| 3.വെറ്റിനറി സർജ്ജൻ | 75000 | 22200195/25.6.22 |
| 4.ഐ.സി.ഡി.എസ് | 125000 | 22200313/2.8.22 |
| ആകെ | 475000 | |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:23/22-23/26.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗ സാക്ഷ്യപത്രം വാങ്ങി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ ചിലവ് തുക 475000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 ഡപ്പോസിറ്റ് /മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

താഴെപ്പറയുന്ന ഡപ്പോസിറ്റുകൾ/മുൻകൂറുകൾ ക്ക് ബന്ധപ്പെട്ട ധനവിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്

| ക്രമ നം. | പ്രൊജക്ട് നം:പേര് | സ്ഥാപനം | തുക | വൗച്ചർ /ബിൽ നം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | 103/2-3ഐ.കെ.എം ന് വിഹിതം | IKM | 53805 | 85/22-23 /1..9.22 | കൈപ്പറ്റ് രശീതി |
| 2. | 158/23-പി.എം.എ.വൈ വിഹിതം (എസ്.സി) | ബ്ലോക്ക് | 600000 | 60/22-23 /1.10.22 | വിനിയോഗ സാക്ഷ്യപത്രം |
| 3. | 124/23-പി.എം.എ.വൈ വിഹിതം | ബ്ലോക്ക് | 525458 | 76/22-23 /30.8.22 | വിനിയോഗ സാക്ഷ്യപത്രം |
| 4. | 392/23-അന്താരാഷ്ട്ര കോൺക്ലേവ് (ശുചിത്വമിഷന് തുക കൈമാറൽ) | ശുചിത്വമിഷൻ | 25000 | 222/22-23 /1.2.23 | കൈപ്പറ്റ് രശീതി |
| 5. | 181/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (കെ.എസ്.ഇ.ബി) | KSEB | 152863 | 215/22-23 /30.1.23 | വിനിയോഗ സാക്ഷ്യപത്രം |
| 6. | 8/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (കെ.എസ്.ഇ.ബി) | KSEB | 173000 | 460/22-23 /25.3.23 | വിനിയോഗ സാക്ഷ്യപത്രം |
| 7. | 130/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (കെ.എസ്.ഇ.ബി) | KSEB | 96453 | 245/22-23 /31.3.23 | വിനിയോഗ സാക്ഷ്യപത്രം |
| 8. | 381/23-ISO പ്രവർത്തനത്തിന് വിഹിതം | ജില്ലാ | 40000 | 245/22-23 /1.10.22 | കൈപ്പറ്റ് രശീതി |
| | ആകെ | | 1666579 | | |

ധനവിനിയോഗ രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്

(നം:4/22-23/18.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 അംഗനവാടി ഇലക്ട്രിഫിക്കേഷൻ -അപാകതകൾ

നിർവ്വഹണോദ്യോസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം /പേര് | 184/23-അംഗനവാടി വയറിങ് | അടങ്കൽ/ഫണ്ടിനം | 465668(MGNR) |
| ചെലവ് | 347143/- | ബിൽ നം | 69/22.8.22 |
| കോൺട്രാക്ടർ | കാസിം.പി | എഗ്രിമെന്റ് | 14/21-22/14.2.22 |
| എംബുക്ക്/ | 253/21-23 | നിരക്ക് | 22.5% Below |

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.ആകെ പ്രവർത്തിമൂല്യത്തിന്റ 2.5% .ശ്രീ.അലി കുന്നത്ത് ,ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി മെമ്പർക്ക് 15989/-രൂപ അനുവദിച്ചിട്ടുണ്ട്.(അക്കൗണ്ട് നം:16000100027269 ഫെഡറൽ ബാങ്ക് ).അനുവദനീയമായിട്ടുള്ളത് പ്രവർത്തിമൂല്യത്തിന്റ 2.5% (331154 X2.5% )8279/-രൂപ മാത്രമാണ്.അധികം നൽകിയ 7710/- രൂപ തിരികെ ഈടാക്കണം
2022- 23 വർഷത്തിൽ നടപ്പിലാക്കിയ മേൽ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും ഉൾപ്പടെ 2.5% ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:5/22-23/19.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പഞ്ചായത്ത് പരിധിയിലുള്ള 3 ഇലക്ട്രിക്കൽ സെക്ഷനുകളിലായി (1.ചെർപ്പുളശ്ശേരി സെക്ഷൻ 2.പെരിന്തൽമണ്ണ സെക്ഷൻ 3.താഴെക്കോട് സെക്ഷൻ )തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടാവാക്കി വരുന്നുണ്ട്. 22-23 വർഷിക കണക്ക് പ്രകാരം ഈ ഇനത്തിലുള്ളആകെ ചെലവ് 1288888/-രൂപ യാണ് (മാർച്ച് 2023 ലെ വൈദ്യുത ചാർജ്ജ് 118613/-രൂപ )

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ 3 സെക്ഷനുകളുടെ കെ.എസ്.ഇ.ബി യുടെ വിശദമായ പ്രതിമാസ വൈദ്യുത ചാർജ്ജ് ഡിമാന്റ് വിവരം ലഭ്യമല്ല. (ചെർപ്പുളശ്ശേരി, പെരിന്തൽമണ്ണ, താഴെക്കോട്)
2.KSEB ബില്ലിന്റെ വിശദമായ ഡിമാൻറ് നോട്ടീസ് ലഭ്യമാക്കേണ്ടതാണ് ( നിലവിൽ തെരുവ് വിളക്ക് ഉപകരണങ്ങളുടെ വിവരം )
3. 3 ഡിവിഷനുകളിലും ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് ലഭ്യമാക്കിയിട്ടില്ല
4.സർക്കുലർ നമ്പർ. 65529/ഡി.സി.-3/12/തസ്വഭവ./12-03-2013 പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതിന്റെ വിശദ വിവരം ലഭ്യമാക്കണം.(ഡപ്പോസിറ്റ് ചെയ്തവയുടെ വിനിയോഗ വിവരം )സ്ട്രീറ്റ് മെയിൻ പൂർണ്ണമായും നടപ്പിലാക്കിയതാണോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
5.അവസാനമായി സംയുക്ത പരിശോധന നടത്തിയതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല.
6.വാർഡ് തലത്തിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പറിങ് നടത്തിയ നിലവിലുള്ള ലൈറ്റുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
7.കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിൽ ലൈറ്റുകളുടെ വിശദ വിവരം ലഭ്യമല്ല . ഏതുരീതിയിലാണ് ഡിമാന്റ് കണക്കാക്കിയതെന്ന് വ്യക്തമല്ല .
8.തെരുവ് വിളക്കുകളുടെ ആസ്തി വിവരം ലഭ്യമാക്കിയിട്ടില്ല .
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:6/22-23/19.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-19 തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 328/23-തെരുവ് വിളക്ക് റിപ്പയർ | അടങ്കൽ/ഫണ്ടിനം | 490000 (Cfc)<br>500000(own) |
| ചെലവ് | 359613/-(cfc)<br>137185/-(own) | ബിൽ നം:/തീയതി | 242/13.2.23<br>536/29.3.23 |
| കോൺട്രാക്ട് | 1.വാഹനം -മുഹമ്മദാലി<br>2.റിപ്പയർ -നൗഫൽ<br>3.സ്പെയർ പാർട്ട് -എഷ്യൻ മാർക്കറ്റിങ് | എഗ്രിമെന്റ് | നമ്പർ ഇല്ല |

മേൽ പ്രൊജക്ട് പ്രകാരം “അടാട്ട് മോഡൽ ”തെരുവ് വിളക്ക് റിപ്പയർ ആണ് നടത്തിയിട്ടുള്ളത് (പഞ്ചായത്ത് സ്പെയർ പാർട്ട് വാങ്ങി വാഹനം വാടകക്കെടുത്ത് സാധനങ്ങൾ എത്തിച്ച് റിപ്പയർ നടത്തുന്ന രീതി ) മേൽ പ്രകാരം 3 പ്രത്യേക ടെൻണ്ടർ നടത്തി താഴെപ്പറയും പ്രകാരം നിർവ്വഹണം നടത്തി

| പ്രവർത്തി | പേര് | തുക |
|---|---|---|
| 1.വാഹനം വാടകയ്ക്ക് | ശ്രീ.മുഹമ്മദാലി | 60010 |
| 2.റിപ്പയർ (ഇലക്ട്രീഷ്യൻ) | ശ്രീ.നൗഫൽ | 77175 |
| 3 സ്പെയർ പാർട്ട് സപ്ലൈ | എഷ്യൻ മാർക്കറ്റിങ് | 359613 |
| | ആകെ | 496798 |

അപാകതകൾ
1.വാഹന വാടകയ്ക്ക് 1% ആദായ നികുതി ഈടാക്കിയിട്ടില്ല (600/- രൂപ )
2.റിപ്പയർ നടത്തിയതിന് തുക നൽകിയതിന് 1% ആദായ നികുതി ഈടാക്കിയിട്ടില്ല (771/- രൂപ)
3.സ്പെയർ പാർട്സ് പർച്ചേസ് സ്റ്റോക്ക്/വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:8/22-23/19.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-20 മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ രേഖ ഉത്തരവ് (പി) നം:67/2021/ധനം/തീ:28.4.2021) യിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം

പി.എം.സി ആയിട്ടുള്ളതോ നോൺ പി.എം.സി ആയിട്ടുള്ളതോ ആയ അക്രഡിറ്റഡ് ഏജൻസികളെ പ്രവർത്തികൾ സെന്റേജ് ചാർജ്ജ് നൽകികൊണ്ട് (1 കോടി രൂപ വരെ എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾക്ക് 8% വരെ)ഏൽപ്പിക്കാവുന്നതാണ്.പരിഷ്കരിച്ച അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക സംബന്ധിച്ച ഉത്തരവ് (പി) നം:104/2022/ധനം/തീ:2.09.2022)പ്രകാരമുള്ളതാണ് പ്രാബല്യത്തിലുള്ളത് (ആയതിൽ SILK ന് ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾ PMC ആയിട്ടും,പൊതുവായിട്ടുള്ള സിവിൽ പ്രവർത്തികൾ PMC ആയിട്ടും നിർവ്വഹണം നടത്താൻ അനുമതി ഉണ്ട് ) .കൂടാതെ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കാലാ കാലങ്ങളിൽ സർക്കാർ നിശ്ചയിച്ച അംഗീകരിച്ച പ്രൈസ്റ്റ് ലിസ്റ്റ് നിരക്ക് അടിസ്ഥാനത്തിൽ ടെൻണ്ടർ കൂടാതെ വാങ്ങിക്കാവുന്നതാണ്.

താഴെപ്പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം"അക്രഡിറ്റഡ് ഏജൻസി മുഖേന" (SILK -Steel Industrials Kerala Ltd,Thuravoor)"എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .ഫയൽ പരിശോധനയിൽ ടെൻണ്ടർ നടപടികൾ സ്വീകരിക്കാതെ ഏജൻസിയെ(silk) ഏൽപ്പിക്കുകയാണ് ചെയ്തതിട്ടുള്ളത് .ആയത് പ്രകാരം ഏജൻസിക്ക് വർക്ക് ഓർഡർ നൽകി. പ്രവൃത്തി പൂർത്തീകരിച്ച് SILK സമർപ്പിച്ച ബിൽ ഇൻവോയ്സ് പ്രകാരം തുക നൽകുകയും ചെയ്തു .വിശദ വിവരം ചുവടെ ചേർക്കുന്നു

**(1)**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 180/23-മിനിമാസ്റ്റ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ട് | 800000(തനത് ഫണ്ട്) |
| ചെലവ് | 799999/- | ബിൽ നം: /തീയതി | 459/25.3.23 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി Steel Industrials Kerala Ltd,Thuravoor | എഗ്രിമെന്റ് | 1/20-21/30.7.2020 |

ബിൽ/ഇൻവോയ്സ് വിവരങ്ങൾ

| പ്രൊജക്ട് നം:പേര് | 180/23-മിനിമാസ്റ്റ് സ്ഥാപിക്കൽ (SO) | അടങ്കൽ/ഫണ്ടിനം | 800000 (തനത് ഫണ്ട് |
|---|---|---|---|
| CD/20-21/R/142 /11.11.20<br><br>2.8 Mtr Mini Mast 150w LED Flood Light -3 Nos | @131750.58+12% Gst 395251.74+8%PMC Charge 52700.23 +Gst 9% 4743 | 663489.27 +<br>79050+<br>52700.23+<br>4743.02 +<br>------------------------<br>799982.52 | 799990/- |

അപാകതകൾ

1.അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തികൾ സംബന്ധിച്ച ഉത്തരവിൽ (GO(P)67/2021/FIN/28.4.2021 ൽ സിവിൽ/ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള നിരക്കുകളാണ് ബാധകമാക്കിയിട്ടുള്ളത് .ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

2.അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പി(നം:104/2022 /ധനം/2.9.2022 പ്രകാരം "SILK"നെ അക്രഡിറ്റഡ് ഏജൻസിയായി (PMC) തെരെഞ്ഞെടുത്തിട്ടുണ്ട്.അക്രഡിറ്റഡ് ഏജൻസി ആണെങ്കിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം

1.PMC ആയിട്ടാണെങ്കിൽ ടെൻണ്ടർ നടപടിയിലൂടെ (സെന്റേജ് നിരക്കിന് )ഏജൻസിയെ തെരഞ്ഞെടുക്കണം ആയതിന്റ രേഖകൾ ഹാജരാക്കിയിട്ടില്ല

2.CPWD/MoRTH/MORD സ്പസിഫിക്കേഷനുകളും,ഡാറ്റായും അതാത് സംഗതി പോലെ ബാധകമായ കോസ്റ്റ് ഇൻഡക്സോടുകൂടി നിലവിലെ DSR ഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് തയ്യാറാക്കേണ്ടത് ആയത് തയ്യാറാക്കിയിട്ടില്ല.

3.KSEBയുടെഇൻസ്റ്റലേഷൻസർട്ടിഫിക്കറ്റ്ഹാജരാക്കിയിട്ടില്ല.
4.റിക്കവറികൾ (2% IT .1% WF ,2% TDS) ,WF ( 7999 രൂപ) ഒഴികെയുള്ളവ ഈടാക്കിയിട്ടുണ്ട്.
5.പ്രവർത്തിയുടെ വാല്യേഷൻനടത്തിയിട്ടില്ല

6.മോണിട്ടറിങ്റിപ്പോർട്ട്ഹാജരാക്കിയിട്ടില്ല

7.നേരിട്ടുള്ള പർച്ചേസ് ആണെങ്കിൽ പ്രൈസ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

8.ബിൽ ഇൻവോയ്സ് പ്രകാരം സെന്റേജ് ചാർജ്ജ് ഈടാക്കിയതിനാൽ പ്രവർത്തി ഏൽപ്പിച്ച കോൺട്രാക്ടറുടെ പേര് വിവരവും , ട്രൈ പാർട്ടി എഗ്രിമെന്റും ഹാജരാക്കിയിട്ടില്ല.

9.4 മിനിമാസ്റ്റ് സ്ഥപിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 8/23 -മിനിമാസ്റ്റ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 180000(തനത് ഫണ്ട്) |
| ചെലവ് | 173000/ | ബിൽ നം/തീയതി | 460/25.3.23 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി Steel Industrials Kerala Ltd,Thuravoor | എഗ്രിമെന്റ് | 1/22-23/24.1.2022 |

| പ്രൊജക്ട് നം:പേര് | 8/23 -മിനിമാസ്റ്റ് സ്ഥാപിക്കൽ(so) | അടങ്കൽ/ഫണ്ടിനം | 180000 (തനത്ഫണ്ട്) |
|---|---|---|---|
| 1..8 Mtr Mini Mast 100w LED Flood Light-1 Nos | @146610 +18% Gst 26389 | 146610 +26389GST =173000 | 173000/- |

അപാകതകൾ

1.അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തികൾ സംബന്ധിച്ച ഉത്തരവിൽ (GO(P)67/2021/FIN/28.4.2021 ൽ സിവിൽ/ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള നിരക്കുകളാണ് ബാധകമാക്കിയിട്ടുള്ളത് .ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പി(നം:104/2022 /ധനം/2.9.2022 പ്രകാരം "SILK"നെ അക്രഡിറ്റഡ് ഏജൻസിയായി (PMC) തെരെഞ്ഞെടുത്തിട്ടുണ്ട്.അക്രഡിറ്റഡ് ഏജൻസി ആണെങ്കിൽ താഴെപ്പറയുന്ന നിർദ്ധേശങ്ങൾ പാലിക്കണം

1.PMC ആയിട്ടാണെങ്കിൽ ടെൻണ്ടർ നടപടിയിലൂടെ (സെന്റേജ് നിരക്കിന് )തിരഞ്ഞെടുക്കണം ആയതിന്റ രേഖകൾ ഹാജരാക്കിയിട്ടില്ല.(ടെൻണ്ടർ ഫയൽ പരിശോധനയിൽ സ്പാർക്ക് ടെക്നോളജി ,തൃശ്ശൂർ എന്ന സ്ഥാപനം 105000/-രൂപ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള"ടെണ്ടർ സ്വീകരിക്കാതെ Silk ൻറ 175000/-രൂപ രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല

3.CPWD/MoRTH/MORD സ്പെസിഫിക്കേഷനുകളും,ഡാറ്റായും അതാത് സംഗതി പോലെ ബാധകമായ കോസ്റ്റ് ഇൻഡക്സോടുകൂടി നിലവിലെ DSR ഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് തയ്യാറാക്കേണ്ടത് ആയത് തയ്യാറാക്കിയിട്ടുണ്ട്

4.KSEBയുടെഇൻസ്റ്റലേഷൻസർട്ടിഫിക്കറ്റ്ഹാജരാക്കിയിട്ടില്ല.

5.റിക്കവറികൾ (2% IT .1% WF 1%) ,WF ( 1466രൂപ) ഒഴികെയുള്ളവ ഈടാക്കിയിട്ടുണ്ട്.

6.പ്രവർത്തിയുടെ വാല്യേഷൻ നടത്തിയിട്ടില്ല

5.മോണിട്ടറിങ് റിപ്പോർട്ട്ഹാജരാക്കിയിട്ടില്ല

7.ബിൽ ഇൻവോയ്സ് പ്രകാരം സെന്റേജ് ചാർജ്ജ് ഈടാക്കാത്തതിനാൽ പ്രവർത്തി ഏൽപ്പിച്ച കോൺട്രാക്ടറുടെ പേര് ,ട്രൈ പാർട്ടി എഗ്രിമെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല

8.മിനിമാസ്റ്റ് സ്ഥപിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:11/22-23/20.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു

## 1-21 ദുരിതാശ്വാസ നിധി -സർക്കാർ നിർദ്ദേശം പാലിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി,

വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ട് (ആനമങ്ങാട് എസ്.സി.ബി നം:12345) പ്രകാരം മുന്നിരിപ്പ് 1864 രൂപയും നീക്കിയിരിപ്പ് 1864 രൂപയും ഉണ്ടായിരുന്നു .തൻവർഷം വരവോ ചെലവോ ഉണ്ടായിട്ടില്ല .സർക്കാർ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23/19.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ് .

## 1-22 ലൈബ്രറി സെസ്സ് അടവാക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം ) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൌൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടതായികാണുന്നല്ല.

താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്

| വർഷം | തുക | വൗച്ചർ നം/തീ |
|---|---|---|
| 20-21(llhalf) | 181835 | 22200093/21.5.22 |
| 22-23 (l Half ) | 113784 | 22200572/3.11.22 |
| ആകെ | 295619 | |

. പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്.ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10/22-23/20.10.23) ലഭ്യമാക്കിയ മറുപടിയിൽ തുക അടവാക്കിയതിന്റ രശീതി ഹാജരാക്കിയിട്ടുണ്ട് .അപാകതകൾ ശ്രദ്ധിക്കേണ്ടതാണ്

## 1-23 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്തിന്റെ 2022-23വാർഷിക കണക്കിലെ ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor’s Earnest Money Deposit | 12800 |
| 2 | Supplier’s Earnest Money Deposit | 31040 |
| 3 | Bidder’s Earnest Money Deposit | 46800 |
| 5 | Supplier’s Security Deposit | 19300 |
| 6 | Contractor’s Retension | 295438 |
| 7 | Election Deposit | 61000 |

| | | |
|---|---|---|
| 8 | Other Deposit | 4000 |
| 9 | Auction Deposit | 1500 |
| 10 | Other Deposit | 5000 |
| | ആകെ | 477378 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2012-13മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:21/22-23/26.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-24 വിവിധ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

വാർഷിക കണക്ക് പ്രകാരം 2022-23 ൽ താഴെപ്പറയുന്ന ക്രമീകരിക്കാനുള്ള വിവിധ മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

| Item | തുക |
|---|---|
| Festivsl Advace | 10000 |
| Other Advance | 414222 |
| Advance To Implimenting Officer | 638453 |
| Advance To Others | 69900 |
| MGNREGS | 1546884 |
| Total | 2679459 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:22/22-23/26.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-25 ബഡ്സ് സ്കൂൾ ശമ്പളം നൽകൽ -തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പ്രൊജക്ട് നം 383/23 പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർ ,ആയ എന്നിവർക്ക് 10/2022 മുതൽക്ക് ശമ്പളം നൽകിയതിൽ 2022-23 ലെ 2nd Half തൊഴിൽ നികുതി അടവാക്കിയതിൻറ വിവരം ലഭ്യമാക്കേണ്ടതാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു

1.ശ്രീമതി.ശിൽപ്പ .എം (ടീച്ചർ) -162800/-
2.ശ്രീമതി.സീനത്ത് കെ (ആയ) -32183/-

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:23/22-23/26.10.23)സമർപ്പിച്ച മറുപടിയിൽ റസീപ്റ്റ് നമ്പർ :1230202954/26.10.23 പ്രകാരം 22-23 ലെ 2nd Half തൊഴിൽ നികുതി പിഴപ്പലിശ ഉൾപ്പടെ 1767/-രൂപ അടവാക്കിയതിന്റ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-26 മിനി മാസ്റ്റ് (എസ്.സി)സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :അസി.സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 192/23 -മിനിമാസ്റ്റ് സ്ഥാപിക്കൽ(എസ്.സി) | അടങ്കൽ/ഫണ്ടിനം | 180000(എസ്.സി.പി) |
| ചെലവ് | 173000/- | ബിൽ നം: /തീയതി | 460/25.3.23 |
| കോൺട്രാക്ടർ | ടെണ്ടർ(SILK ) | എഗ്രിമെന്റ് | 26.3.22 |

| | | | |
|---|---|---|---|
| INVOICE NO: | SILKFUO/UR /254/30.7.22 | ബിൽ വിവരം | @146610 +GST26389 =173000/- |

പ്രൊജക്ട് പ്രകാരം എസ്.സി കോളനിയിൽ മിനിമാസ്റ്റ് സ്ഥാപിക്കാൻ “ടെണ്ടർ മുഖേന”നിർവ്വഹണം നടത്തുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിടുന്നത് .എന്നാൽ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്ട് പ്രകാരം ടെണ്ടർ നടത്താനുദ്ദേശിച്ചുള്ള പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല (ജില്ലാ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റ്)
2.ടെണ്ടർ നടപടികളിൽ പങ്കെടുത്ത് ഏജൻസികളുടെ വിവരം ചുവടെചേർക്കുന്നു

| ഏജൻസി | നിരക്ക് |
|---|---|
| 1.സിൽക്ക് ,പാലപ്പുറം ,ഒറ്റപ്പാലം ,പാലക്കാട് | 175000 |
| 2.റസാഫ് ലൈറ്റിങ് സൊല്യൂഷൻ , തൊടുപുഴ | ടെണ്ടർ ഫോം ഇല്ല |
| 3.ഡൽറ്റ ,തോട്ടര,പാലക്കാട് | 110000 |

അപാകതകൾ

1.പഞ്ചായത്തിന്റെ എ3/839/2021/5.2.2022 നമ്പർ ടെണ്ടർ നോട്ടിഫിക്കേഷനിൽ “അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു”എന്നാണ് .ആയത് ക്രമപ്രകാരമല്ല.(ഓപ്പൺ ടെണ്ടർ എന്നാണ് ചേർക്കേണ്ടിയിരുന്നത്)

2.പഞ്ചായത്ത് തീരുമാനം 3(1)/28.2.2022 പ്രകാരം “SILK ”സർക്കാർ അംഗീകൃത ഏജൻസി ആയതിനാൽ ടെൻണ്ടർ അംഗീകരിച്ചു “ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രൊജക്ടിൽ “ടെണ്ടർ”എന്നായതിനാൽ സർക്കാർ ഏജൻസിക്ക് പ്രത്യേക ഇളവ് അനുവദിക്കാവുന്നതല്ല

3.ടെൻണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം മിനിമാസ്റ്റിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

4.ഡൽറ്റ,തോട്ടര ,പാലക്കാട് എന്ന സ്ഥാപനം “Supply And Installation Of LED Light Minimast 8 Mtr 100W X4 Light With All Accesories” 110000/-രൂപ നിരക്ക് ആണ് ക്വാട്ട് ചെയ്തത് “സിൽക്ക് ”എന്ന് സ്ഥാപനം നൽകിയ അതേ സ്പെസിഫിക്കേഷൻ ആണ് (“Supply And Installation Of LED Light Minimast 8 Mtr 100W X4 Light With All Accesories ”175000 രൂപ ക്വാട്ട് ചെയ്തത് അംഗീകരിക്കുക വഴി പഞ്ചായത്തിന് 65000/-രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

5.പ്രൊജക്ട് പ്രകാരം “ടെണ്ടർ” ആയതിനാൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തേയാണ് (ഡൽറ്റ,തോട്ടര ,പാലക്കാട്)അംഗീകരിക്കേണ്ടത് .ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനം ക്രമപ്രകാരമല്ല.
4.KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
5.റിക്കവറികൾ (2% IT-2932 .1% WF -1466 ) , ഈടാക്കിയിട്ടില്ല.
6.പ്രവൃത്തിയുടെ വാല്വേഷൻ നടത്തിയിട്ടില്ല
7.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:14/22-23/21.10.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ തുക 173000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 വാട്ടർ ടാങ്ക് (എസ്.സി)വിതരണം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :അസി.സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 190/23-വാട്ടർ ടാങ്ക് വിതരണം (എസ്.സി) | അടങ്കൽ/ഫണ്ടിനം | 200000(എസ്.സി) 66750 (ഉ.വി ) |
| ചെലവ് | 166764/- 58500/- | ബിൽ നം: /തീയതി | 455/13.2.23 |
| കോൺട്രാക്ട് | PG എന്റർപ്രൈസ്സസ് ,മലപ്പുറം | എഗ്രിമെന്റ് | 12/21-22/15.2.22 |

PG എന്റർപ്രൈസ്സസ് ,മലപ്പുറത്തിന്റെ ബിൽ ഇൻവോയ്സ് പ്രകാരം 74 വാട്ടർ ടാങ്കുകൾ (@3044/each) വാങ്ങിയതിന്റെ വിലയാണ് മേൽ പ്രകാരമുള്ള പ്രൊജക്ട് ചെലവ് .

അപാകതകൾ

1.മൂന്ന് ഏജൻസികൾ പങ്കെടുത്തതിൽ 3 ഏജൻസികൾക്കും ടെൻണ്ടഫോറം വിലയിൽ ഇളവ് അനുവദിച്ചു.എന്നാൽ ജില്ലാ വ്യവസായ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

2.വാട്ടർടാങ്ക് സ്റ്റോക്ക് /വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല

3.പദ്ധതി മാർഗ്ഗരേഖ പ്രകാരം 1 ടാങ്കിന് (എസ്.സി)പരമാവധി വില അനുവദനീയം 3000/-രൂപയാണ് (4000 ത്തിന്റ 75%)എന്നാൽ ടാങ്കിന് 3044/-രൂപ അനുവദിച്ചിട്ടുണ്ട്.അധികമായി അനുവദിച്ച 3256 രൂപ തിരികെ ഈടാക്കണം.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:30/22-23/26.10.23 )മറുപടി ലഭ്യമാക്കിയിട്ടില്ല .അധികം നൽകിയ 3256/-രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 1-28 ആശ്രയ കിറ്റ് വിതരണം -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :അസി.സെക്രട്ടറി**

2022-23 ൽ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുന്ന 141 ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നതിന് 5542000/-രൂപ ഇവന്റ് മാനേജ്മെന്റ് &മാർക്കറ്റിങ് ഗ്രൂപ്പ് ,മലപ്പുറം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട് .വിശദ വിവരം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നം /തീയതി | തുക | ചെക്ക് നം/തീയതി |
|---|---|---|
| 3152/11.7.22 | 147000 | 34115/12.7.22 |
| 1068/3.1.23 | 153000 | 34114/4.1.23 |
| 1124/5.8.22 | 153000 | 34113/16.8.22 |
| 1011/29.4.22 | 161200 | 34112/4.6.22 |
| ആകെ | 614200/- | |

മേൽ പ്രകാരമുള്ള ബിൽ പരിശോധിച്ചതിൽ ബിൽ ഇൻവോയ്സിൽ GST നമ്പർ രേഖപ്പെടുത്തുകയോ GST രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ 2% Tds നടത്തിയിട്ടില്ല. എൻക്വയറി നം. 26/22-23 /26.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-29 അഗതി രഹിത കേരളം പദ്ധതി-പ്ളാൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :അസി.സെക്രട്ടറി

അഗതി രഹിത കേരളം പദ്ധതിക്ക് വേണ്ടി മുൻകാലങ്ങളിൽ പഞ്ചായത്ത് കൈമാറിയ പദ്ധതിവിഹിതം 1299616/-രൂപ (പലിശ ഉൾപ്പെടെ )അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ നിലനിൽക്കുന്നു.ആയത് ചെലവഴിക്കപ്പെടാത്തപക്ഷം കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:28/22-23 /26.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 അഗതി രഹിത കേരളം പദ്ധതി-മോണിട്ടറിങ് കാര്യക്ഷമമല്ല

പഞ്ചായത്തിൽ ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് .നിലവിൽ 141 ഗുണഭോക്താക്കൾ ഉണ്ട്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. ആയത് സ.ഉ(സാധാ)നം:1751/2022/LSGD/21.7.2022 പ്രകാരം 2022-23ലേക്ക് കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ 3-ാംഗഡു ചാലഞ്ച് ഫണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ച് പണം അനുവദിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് നാളിതുവരെ അനുവദിച്ചിട്ടില്ല.

**ഓഡിറ്റ് വിലയിരുത്തൽ**

(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസം, ചികിത്സ, എന്നിവയ്ക്ക് പ്രൊജക്ടിൽ തുക നിർദ്ദേശിച്ചിട്ടില്ല. കൂടാതെ നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല. ആയതിന് അനുവദിക്കപ്പെട്ട പ്ലാൻ ഫണ്ട് 1299616/-രൂപ നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടില്ല.

തൻ വർഷം ഭക്ഷണ കിറ്റ് വിതരണത്തിന് ആകെ ചെലവ് 554200/- രൂപമാത്രമാണ്.ആയത് അപൂർണ്ണമാണ്

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

വീട് നിർമ്മാണത്തിന് ഗുണഭോക്താക്കളെ ലൈഫിൽ മുൻഗണന നൽകിയിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യപങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(3)ചലഞ്ച് ഫണ്ട് ലഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല.

പദ്ധതിപ്രകാരം ആദ്യ ഗഡുവായി ലഭിച്ച ചലഞ്ച് ഫണ്ട് തുകയുടെ 80% ചെലവഴിച്ചാൽ അടുത്ത ഗഡു ലഭിക്കാൻ അർഹതയുണ്ടെങ്കിലും പഞ്ചായത്തിൽ ചലഞ്ച് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചതിന് പുറമെ പഞ്ചായത്ത് നൽകിയ ഫണ്ടിൽ നിന്ന് തനത് ഫണ്ട് ഭക്ഷണവിതരണത്തിന് ചെലവഴിച്ചിട്ടും സർക്കാർ ഉത്തരവ് സ.ഉ(സാധ)നം:1751/2022 /LSGD/21.7.2022 പ്രകാരം ചലഞ്ച് ഫണ്ട് ബാക്കി ലഭിക്കാനുള്ളത് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വിരമരുന്ന് (വെറ്റിനറി)സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ :വെറ്റിനറി സർജൻ
പ്രൊജക്ട് : 144/23, ധാതു ലവണങ്ങളും വിര മരുന്നും വിതരണം

നിർവ്വഹണം : വെറ്ററിനറി സർജൻ

ബിൽ നം.: 22150352035401469391/25.03.23 : 39,375/- (MG-NR)

നീതി മെഡിക്കൽ സ്റ്റോറി( വനിതാ സഹകരണ സംഘം, നിലമ്പൂർ)ന്റെ 3469/23.3.23 ഇൻവോയ്സ് പ്രകാരം 39,375 രൂപയുടെ വിരമരുന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 28.5.2022ലെ സ.ഉ.(കൈ)115/2022/LSGD നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 6.3.10(2) ഖണ്ഡിക പ്രകാരം വിരമരുന്നും ധാതു ലവണങ്ങളും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മറ്റ് ഓപ്ഷൻ സംബന്ധിച്ച് ഉത്തരവിൽ പരാമർശമില്ലാത്തതുമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വിരമരുന്ന് നീതി സ്റ്റോറിൽ നിന്ന് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി( നം.26/26.10.2023) നൽകി. മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം ലംഘിച്ച് നടത്തിയ ചെലവ് 39,375 രൂപ തടസ്സം ചെയ്യുന്നു.

## 1-32 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ഫർണിച്ചർ-ടെണ്ടർ നടപടിയിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | :ICDS സൂപർവൈസർ |
| പ്രൊജക്ട് | : 346/23, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ഫർണീച്ചർ വാങ്ങൽ |
| ബിൽ നം. | : 22150352035801304615/06.03.23 : 50,000/- (വികസന ഫണ്ട് ജനറൽ) |
| | : 22150352035801304628/06.03.23 : 1,64,968/- (MG-NR) |
| | ആകെ : 2,14,968/- |

SIDCO യുടെ MJRI/22-23/170/27.01.23 ഇൻവോയ്സ് പ്രകാരം 2,14,968 രൂപ നൽകി Armed Fibre Chair(25 Nos), Work Table(2Nos), Steel Cabinet(2Nos), Steel Table(1No), Duel Bench &Desk(8Nos), CP Chair(2Nos), Wheel Chair(2Nos), Steel Book Shelf(1No),Wheing Mechine(1No) എന്നിങ്ങനെ 9 ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന ഐറ്റങ്ങളുടെ സ്പെസിഫിക്കേഷനും വിലയും 23.12.2022 ലെ GO(Rt)97/2022/SPD നമ്പർ സർക്കാർ ഉത്തരവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനും വിലയിലുമുള്ള സാധനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങളും നടപടികളും പാലിച്ച് മാത്രം

വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പ്രൊജക്ട് പ്രകാരം വാങ്ങിയ ഇനങ്ങളിൽ Steel Table മാത്രമാണ് പരാമർശിച്ച ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയോടും കൂടിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. മറ്റ് 8 ഇനങ്ങൾ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയ പ്രത്യേക ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പോ പ്രത്യേക ഉത്തരവില്ലെങ്കിൽ സർക്കാർ നിർദ്ദേശം ലംഘിച്ച് പർച്ചേസ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതിന് ഓഡിറ്റ് എൻക്വയറി(നം.24/26-10-2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. Steel Table (നികുതി ഉൾപ്പെടെ വില 6450/-) ഒഴികെ,സർക്കാർ നിർദ്ദേശം ലംഘിച്ച് ഫർണീച്ചർ വാങ്ങിയ ചെലവ് 208518 രൂപ (2,14,968-6,450) തടസ്സം ചെയ്യുന്നു.

## 1-33 അംഗണവാടികളിലേക്ക് ഫർണീച്ചർ-സർക്കാർ നിർദ്ദേശം ലംഘിച്ച് ഫർണീച്ചർ വാങ്ങി

നിർവ്വഹണം :ICDS സൂപ്പർവൈസർ

പ്രൊജക്ട് : 97/23, അംഗണവാടികളിലേക്ക് ഫർണീച്ചർ വാങ്ങൽ

ബിൽ നം.: 22150352035801325892/10.03.23 : 2,00,000/- (MG-NR)

SIDCO യുടെ MJRI/22-23/259/7.03.23 ഇൻവോയ്സ് പ്രകാരം 2,00,000 രൂപ നൽകി Steel Cabinet(3Nos), Steel Table(7Nos), FoodContainer(16Nos), Steel Frame Bench(1No) എന്നിങ്ങനെ 4 ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന ഐറ്റങ്ങളുടെ സ്പെസിഫിക്കേഷനും വിലയും 23.12.2022 ലെ GO(Rt)97/2022/SPD നമ്പർ സർക്കാർ ഉത്തരവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനും വിലയിലുമുള്ള സാധനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങളും നടപടികളും പാലിച്ച് മാത്രം വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പ്രൊജക്ട് പ്രകാരം വാങ്ങിയതിൽ ഒരിനവും പരാമർശിച്ച ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയോടും കൂടിയതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങൾ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയ പ്രത്യേക ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പോ പ്രത്യേക ഉത്തരവില്ലെങ്കിൽ സർക്കാർ നിർദ്ദേശം ലംഘിച്ച് പർച്ചേസ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതിന് ഓഡിറ്റ് എൻക്വയറി(നം.25/26.10.2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാർ നിർദ്ദേശം ലംഘിച്ച് നടത്തിയ ചെലവ് 2,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-34 പറയൻ ചോലകുളം നവീകരണം; 50921/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പറയൻ ചോലകുളം നവീകരണം (303/23)" എന്ന പ്രൊജക്ടിൽ കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് Cement Mortar ഉപയോഗിച്ച് കെട്ടിയ കരിങ്കൽ പടവ് (RR) പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (DAR 15.9.2). എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും DR Wall ആണ് നിലവിലുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 706170/301353 (CFC) |
| പ്രൈസ് ഐഡി | 6620/2023 |
| കരാർ | 99/AE/LID&EV/ALP/2022-23 /24.02.2023 (Tender Variation - Nil) |
| ടി എസ് | TS/6620/2023/01.01.2023 (CI 36.44%) |
| വൗച്ചർ | 155/2022-23/30.03.2023 |
| കരാറുകാരൻ | Muhammed Shameer MP |
| നൽകിയ തുക (MoRD Code 15.9.2 പ്രകാരം- @ 2077.89/$m^3$- Cost Index 36.44% & Tender Variation - Nil) | 72528/- [ie, 29.58 $M^3$ * 2077.89/$m^3$ (+18% GST)] |

| | |
|---|---|
| നൽകാവുന്ന തുക (Code 60.7.3 @ 619.03/ $M^3$ _Cost Index 36.44% & Nil) | 21607/- [Ie, 29.58 $M^3$ * 619.03/$m^3$ (+18% GST)] |
| അധികം നൽകിയ തുക | 50921/- [Ie,72528- 21607] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 16/25.10.2023)പൊളിച്ച് മാറ്റിയ കരിങ്കൽ പടവ് RR MASONRY ആയിരുന്നെന്ന് മറുപടി (27.10.2023-ലെ AE/LSGD/ALP/AUDIT/2019 നമ്പർ മറുപടി) ലഭ്യമാക്കിട്ടുണ്ട്. എസ്റ്റിമേറ്റ്, M Book എന്നിവയിൽ ഇനത്തിന് താഴെ Existing DR എന്ന് രേഖപ്പെടുത്തുകയും ആയത് അസി. എക്സി. എൻജിനീയർ മേൽ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (പ്രൈസ് ഐഡി_6620/2023_എസ്റ്റിമേറ്റ്_ M Book എന്നിവ കാണുക). മേൽ പരിശോധന നടത്തി അംഗീകരിച്ച മുകളിൽ ചേർത്ത വസ്തുതകൾക്ക് വിരുദ്ധമായുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഭാഗം 3 കൂടി കാണുക)

## 1-35 സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ; 9052/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ കളിസ്ഥലം ഒരുക്കുന്നതിന് 373.5 $M^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ആയതിന് റിവൈസ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 പ്രകാരം 3.5.1 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത് [31.06% Cost Index പ്രകാരം 3.5.1 -ന് അനുവദിനീയമായ നിരക്ക് 346.5/- രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിന് 228.52 രൂപയാണ് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ളത്. ആയത് അപ്രകാരമാണ് കണക്കാക്കിയത് എന്നും വ്യക്തമല്ല]. മേൽ പ്രവൃത്തി റോഡ്/ റോഡ് അനുബന്ധ പ്രവൃത്തിയോ അല്ലാത്തതിനാൽ DAR (Buildings) Code 2.6.1 പ്രകാരമുള്ള നിരക്ക് ആണ് അനുവദിനീയമായത് [206.88/$m^3$]. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ (393/23) (Own Fund) |
| അടങ്കൽ/ ചെലവ് | 100000/99663 -Own Fund |
| M Book | 129/20-21 |
| കരാർ | 01/AE/LSGD/ALP/2020-21/15.04.2020 (Tender Variation - Nil) |
| ടി എസ് | TS/2020/19564 (CI 31.06%) |
| വൗച്ചർ | 139/2022-23/31.03.2023 |
| കരാറുകാരൻ | Ayoob MP |
| നൽകിയ തുക, (228.52/$m^3$- Cost Index 31.06% & Tender Variation - Nil) | 95594/- [Ie, 373.5 M3 * 228.52/m3 (+12% GST)] |
| നൽകാവുന്ന തുക, (2.6.1 പ്രകാരം- @ 206.88/$m^3$- Cost Index 31.06% & Tender Variation- Nil) | 86542/- [Ie, 373.5 M3 * 206.88/m3 (+12% GST)] |
| അധികം നൽകിയ തുക | 9052/- [Ie,95594 - 86542] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 23/26.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഭാഗം 3 കൂടി കാണുക)

## 1-36 താഹിർകുട്ടിപ്പടി തവയിൽ റോഡ് നവീകരണം; 6470/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "താഹിർകുട്ടിപ്പടി തവയിൽ റോഡ് (295/23)" എന്ന പ്രൊജക്ടിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റീ കോൺക്രീറ്റ് ചെയ്യുന്നതിന് ഗതാഗതയോഗ്യമല്ലാത്ത നിലവിലുള്ള കോൺക്രീറ്റ് പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ (OD104658/2022-23) തയ്യാറാക്കി മീറ്റർ ക്യൂബിന് 2143.90/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. കൂടാതെ പഞ്ചായത്തിൽ തന്നെ മറ്റു പ്രവൃത്തികളിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [ഉദാ. അമ്പലകുന്ന് ചെമ്പൻകുഴി റോഡ് (375/23) പ്രവൃത്തിയുടെ ഫയൽ കാണുക]. റോഡ് പ്രവൃത്തിക് അനുയോജ്യമായ ഇനം Mord-ൽ ഉണ്ടായിരിക്കേ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 218908/218908 (Part 50000) MG – Road |
| പ്രൈസ് ഐഡി | 58720/2023 |
| കരാർ | 36/AE/LID&EV/ALP/2022-23/11.01.2023 (Tender Variation - Nil) |
| ടി എസ് | TS/58720/2022/29.09.2022 (CI 36.44%) |
| വൗച്ചർ | 147/2022-23/30.03.2023 |
| കരാറുകാരൻ | Sainudheen P T |
| നൽകിയ തുക (@ 2143.90/$m^3$- Cost Index 36.44% & Tender Variation - Nil) | 26373/-<br>[Ie, 10.425 $M^3$ * 2143.90/$m^3$ (+18% GST)] |
| നൽകാവുന്ന തുക (Mord 2.15 @ 1617.92/ $M^3$ _Cost Index 36.44% & Nil) | 19903/-<br>[Ie, 10.425 $M^3$ * 1617.92/$m^3$ (+18% GST)] |
| അധികം നൽകിയ തുക | 6470/- [Ie,26373- 19903] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 14/25.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഭാഗം 3 കൂടി കാണുക)

## 1-37 വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം; 4841/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം (306/23)" എന്ന പ്രൊജക്ടിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റീ കോൺക്രീറ്റ് ചെയ്യുന്നതിന് ഗതാഗതയോഗ്യമല്ലാത്ത നിലവിലുള്ള കോൺക്രീറ്റ് പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ (OD98374/2022-23) തയ്യാറാക്കി മീറ്റർ ക്യൂബിന് 2143.90/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. കൂടാതെ പഞ്ചായത്തിൽ തന്നെ മറ്റു പ്രവൃത്തികളിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [ഉദാ. അമ്പലകുന്ന് ചെമ്പൻകുഴി റോഡ് (375/23) പ്രവൃത്തിയുടെ ഫയൽ കാണുക]. റോഡ് പ്രവൃത്തിക് അനുയോജ്യമായ ഇനം Mord-ൽ ഉണ്ടായിരിക്കേ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/150000 (MG- Road) |
| പ്രൈസ് ഐഡി | 58705/2023 |
| കരാർ | 34/AE/LID&EV/ALP/2022-23/10.01.2023 (Tender Variation - Nil) |
| ടി എസ് | TS/58705/2022/29.09.2022 (CI 36.44%) |
| വൗച്ചർ | 109/2022-23/21.03.2023 |
| കരാറുകാരൻ | Yousef P T |
| നൽകിയ തുക (@ 2143.90/$m^3$- Cost Index 36.44% & | 19732/- |

| | |
|---|---|
| Tender Variation - Nil) | [le, 7.8 $M^3$ * 2143.90/$m^3$ (+18% GST)] |
| നൽകാവുന്ന തുക (Mord 2.15 @ 1617.92/ $M^3$ _Cost Index 36.44% & Nil) | 14891/-<br>[le, 7.8 $M^3$ * 1617.92/$m^3$ (+18% GST)] |
| അധികം നൽകിയ തുക | 4841/- [le,19732- 14891] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 15/25.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഭാഗം 3 കൂടി കാണുക)

## 1-38 മേനോൻ കാട് ഡ്രൈനേജ്; 11068/- രൂപയുടെ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് ശരാശരി 1 മീറ്റർ വീതിയിലും, 55 മീറ്റർ നീളത്തിലുമായി ശരാശരി 0.6 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/ Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2 Or 3.5.3) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ (Mord Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | മേനോൻ കാട് ഡ്രൈനേജ് (300/23) |
| അടങ്കൽ/ ചെലവ് | 200000/197099 (CFC) |
| പ്രൈസ് ഐഡി | 83113/2023 |
| കരാർ | 38/AE/LID&EV/ALP/2022-23/16.01.2023<br>(Tender Variation - Nil) |
| ടി എസ് | TS/83113/2022/06.11.2022 (CI 36.44%) |
| വൗച്ചർ | 154/2022-23/30.03.2023 |
| കരാറുകാരൻ | Secretary, Perinthalmanna Pattikajathi SCS |
| നൽകിയ തുക<br>(MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% & Tender Variation - Nil) | 11068/-<br>[le, 26 M3 * 360.75/m3 (+18% GST)] |
| നൽകാവുന്ന തുക<br>(MoRD Code 3.5.2 പ്രകാരം- @ 84.05/$m^3$- Cost Index 36.44% & Tender Variation- Nil) | 2579/-<br>[le, 26 M3 * 84.05/m3 (+18% GST)] |
| അധികം നൽകിയ തുക | 8489/- [le,11068 - 2579] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18/25.10.2023) ലഭ്യമാക്കിയ മറുപടിയിൽ (27.10.2023-ലെ AE/LSGD/ALP/AUDIT/2019 നമ്പർ മറുപടി) സൈറ്റിലെ സാഹചര്യങ്ങൾമൂലം Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് കഴിയാത്തതുമൂലമാണ് Code No. 3.5.1 പ്രകാരമുള്ള നിരക്ക് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിലെ സാഹചര്യങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. കൂടാതെ പ്രസ്തുത സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ മുഴുവൻ ഡ്രൈനേജ് പ്രവർത്തികളിലും മണ്ണ് നീക്കം ചെയ്യുന്നതിന് കൂടിയ നിരക്ക് ആണ് (Code No. 3.5.1) നൽകിയിട്ടുള്ളത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി വസ്തുതാപരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധിക ചെലവ് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 പാക്കത്ത് രണ്ടിരിത്തോട് ഡ്രൈനേജ്; 9320/- രൂപയുടെ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് ശരാശരി 1 മീറ്റർ വീതിയിലും, 52 മീറ്റർ നീളത്തിലുമായി ശരാശരി 0.6 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/

Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2 Or 3.5.3) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ (Mord Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | പാക്കത്ത് രണ്ടിരിത്തോട് ഡ്രൈനേജ് (47/23) |
| അടങ്കൽ/ ചെലവ് | 200000/199971 (CFC) |
| പ്രൈസ് ഐഡി | 15718/2022 |
| കരാർ | 06/AE/LID&EV/ALP/2022-23/06.09.2022 (Tender Variation - Nil) |
| ടി എസ് | TS/15718/2022/06.07.2022 (CI 36.44%) |
| വൗച്ചർ | 44/2022-23/31.01.2023 |
| കരാറുകാരൻ | Muhammed Musthafa |
| നൽകിയ തുക, (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% & Tender Variation - Nil) | 12151/- [Ie, 28.545 $M^3$ * 360.75/$m^3$ (+18% GST)] |
| നൽകാവുന്ന തുക, (MoRD Code 3.5.2 പ്രകാരം- @ 84.05/$m^3$- Cost Index 36.44% & Tender Variation- Nil) | 2831/- [Ie, 28.545 $M^3$ * 84.05/$m^3$ (+18% GST)] |
| അധികം നൽകിയ തുക | 9320/- [Ie,12151- 2831] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 19/25.10.2023) ലഭ്യമാക്കിയ മറുപടിയിൽ (27.10.2023-ലെ AE/LSGD/ALP/AUDIT/2019 നമ്പർ മറുപടി) സൈറ്റിലെ സാഹചര്യങ്ങൾമൂലം Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് കഴിയാത്തതുമൂലമാണ് Code No. 3.5.1 പ്രകാരമുള്ള നിരക്ക് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിലെ സാഹചര്യങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. കൂടാതെ പ്രസ്തുത സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ മുഴുവൻ ഡ്രൈനേജ് പ്രവർത്തികളിലും മണ്ണ് നീക്കം ചെയ്യുന്നതിന് കൂടിയ നിരക്ക് ആണ് (Code No. 3.5.1) നൽകിയിട്ടുള്ളത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി വസ്തുതാപരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധിക ചെലവ് തിരികെ ഈടാക്കേണ്ടതാണ്.

## 1-40 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**I). പ്രവൃത്തികൾ നിർവ്വഹണം.**

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 188 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 146 പ്രൊജക്ടുകളിലായി ആകെ 23582937 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 188 | ആകെ അടങ്കൽ | 33553469 |
| നടപ്പിലാക്കിയത് | 146 | ചെലവ് | 23582937 |
| ശതമാനം | 78 | ചെലവ് ശതമാനം | 70 |

**II). ബഹു വർഷ പ്രൊജക്ടുകൾ.**

ഭൗതികമായും സാമ്പത്തികമായും ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രൊജക്ടുകളേയാണ് ബഹു വർഷ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളത്. 2022-23-ൽ രൂപീകരിച്ച 208 പ്രൊജക്ടുകളിൽ 53 എണ്ണവും ബഹു വർഷ പ്രൊജക്ടുകളാണ്. ഇതിൽ ഏറിയപങ്കും 1 ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപവരെ അടങ്കലുള്ള റോഡ് പ്രവൃത്തികളാണ്. മേൽ പ്രൊജക്ടുകൾ എല്ലാം തന്നെ ഭൗതികമായും സാമ്പത്തികമായും ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നവയാണ്.

മേൽ നടപടി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബഹു വർഷ പ്രൊജക്ടുകൾ, പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ആയത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. കൂടാതെ പൂർത്തീകരിച്ച പ്രവൃത്തികളിൽ പണം ലഭിക്കാൻ കലതാമസമുണ്ടാവുന്നത് ടെണ്ടറിലെ മത്സര സ്വഭാവം ഇല്ലാതാക്കുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു (സൂചന: 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ 98%വും എസ്റ്റിമേറ്റ് / എസ്റ്റിമേറ്റ് നിരക്കിന് ആണ് ടെണ്ടർ ചെയ്തിട്ടുള്ളത്).

**III). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**IV). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**V). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
മേൽ പരാമർശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നവരുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-41 മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ രേഖകൾ ഹാജരാക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)**

പഞ്ചായത്തിലെ 21വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിന്ന് വൗച്ചർ നം 22200379/1.9.22 പ്രകാരം (ചെക്ക് നം 6909314/31.8.22 )420000/-മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് .ആയതിന്റ വാർഡ് കമ്മറ്റികളുടെ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:29/22-23/26.10.23)ന് മെഡിക്കൽ ഓഫീസർ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.ആയതിന്റ വാർഡ് കമ്മറ്റികളുടെ വിനിയോഗ രേഖകൾ (ബാങ്ക് പാസ്സ് ബുക്ക് ,വൗച്ചർ ,കൈപ്പറ്റ് രശീതി )ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 420000/- രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പറയൻ ചോലകുളം നവീകരണം; 50921/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പറയൻ ചോലകുളം നവീകരണം (303/23)" എന്ന പ്രൊജക്ടിൽ കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് Cement Mortar ഉപയോഗിച്ച് കെട്ടിയ കരിങ്കൽ പടവ് (RR) പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (DAR 15.9.2). എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും DR Wall ആണ് നിലവിലുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 706170/301353 (CFC) |
| പ്രൈസ് ഐഡി | 6620/2023 |

| | |
|---|---|
| കരാർ | 99/AE/LID&EV/ALP/2022-23 /24.02.2023 (Tender Variation - Nil) |
| ടി എസ് | TS/6620/2023/01.01.2023 (CI 36.44%) |
| വൗച്ചർ | 155/2022-23/30.03.2023 |
| കരാറുകാരൻ | Muhammed Shameer MP |
| നൽകിയ തുക (MoRD Code 15.9.2 പ്രകാരം- @ 2077.89/m$^3$- Cost Index 36.44% & Tender Variation - Nil) | 72528/- [Ie, 29.58 M$^3$ * 2077.89/m$^3$ (+18% GST)] |
| നൽകാവുന്ന തുക (Code 60.7.3 @ 619.03/ M$^3$ _Cost Index 36.44% & Nil) | 21607/- [Ie, 29.58 M$^3$ * 619.03/m$^3$ (+18% GST)] |
| അധികം നൽകിയ തുക | 50921/- [Ie,72528- 21607] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 16/25.10.2023)പൊളിച്ച മാറ്റിയ കരിങ്കൽ പടവ് RR MASONRY ആയിരുന്ന് മറുപടി (27.10.2023-ലെ AE/LSGD/ALP/AUDIT/2019 നമ്പർ മറുപടി) ലഭ്യമാക്കിട്ടുണ്ട്. എസ്റ്റിമേറ്റ്, M Book എന്നിവയിൽ ഇനത്തിന് താഴെ Existing DR എന്ന് രേഖപ്പെടുത്തുകയും ആയത് അസി. എക്സി. എൻജിനീയർ മേൽ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (പ്രൈസ് ഐഡി_ 6620/2023_എസ്റ്റിമേറ്റ്_ M Book എന്നിവ കണക). മേൽ പരിശോധന നടത്തി അംഗീകരിച്ച മുകളിൽ ചേർത്ത വസ്തുതകൾക്ക് വിരുദ്ധമായിയുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ; 9052/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ കളിസ്ഥലം ഒരുക്കുന്നതിന് 373.5 M$^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ആയതിന് റിവൈസ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 പ്രകാരം 3.5.1 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത് [31.06% Cost Index പ്രകാരം 3.5.1 -ന് അനുവദിനീയമായ നിരക്ക് 346.5/- രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിന് 228.52 രൂപയാണ് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ളത്. ആയത് അപ്രകാരമാണ് കണക്കാക്കിയത് എന്നും വ്യക്തമല്ല]. മേൽ പ്രവൃത്തി റോഡ്/ റോഡ് അനുബന്ധ പ്രവൃത്തിയോ അല്ലാത്തതിനാൽ DAR (Buildings) Code 2.6.1 പ്രകാരമുള്ള നിരക്ക് ആണ് അനുവദിനീയമായത് [206.88/m$^3$]. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | സ്പോർട്സ് അക്കാദമി കളിസ്ഥലം നിരപ്പാക്കൽ (393/23) |
| അടങ്കൽ/ ചെലവ് | 100000/99663 -Own Fund |
| M Book | 129/20-21 |
| കരാർ | 01/AE/LSGD/ALP/2020-21/15.04.2020 (Tender Variation - Nil) |
| ടി എസ് | TS/2020/19564 (CI 31.06%) |
| വൗച്ചർ | 139/2022-23/31.03.2023 |
| കരാറുകാരൻ | Ayoob MP |
| നൽകിയ തുക, (228.52/m$^3$- Cost Index 31.06% & Tender Variation - Nil) | 95594/- [Ie, 373.5 M3 * 228.52/m3 (+12% GST)] |
| നൽകാവുന്ന തുക, (2.6.1 പ്രകാരം- @ 206.88/m$^3$- Cost Index 31.06% & Tender Variation- Nil) | 86542/- [Ie, 373.5 M3 * 206.88/m3 (+12% GST)] |
| അധികം നൽകിയ തുക | 9052/- [Ie,95594 - 86542] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 23/26.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 താഹിർകട്ടിപ്പടി തവയിൽ റോഡ് നവീകരണം; 6470/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "താഹിർകട്ടിപ്പടി തവയിൽ റോഡ് (295/23)" എന്ന പ്രൊജക്ടിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റീ കോൺക്രീറ്റ് ചെയ്യുന്നതിന് ഗതാഗതയോഗ്യമല്ലാത്ത നിലവിലുള്ള കോൺക്രീറ്റ് പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ (OD104658/2022-23) തയ്യാറാക്കി മീറ്റർ ക്യൂബിന് 2143.90/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. കൂടാതെ പഞ്ചായത്തിൽ തന്നെ മറ്റ് പ്രവൃത്തികളിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [ഉദാ. അമ്പലകുന്ന് ചെമ്പൻകുഴി റോഡ് (375/23) പ്രവൃത്തിയുടെ ഫയൽ കാണുക]. റോഡ് പ്രവൃത്തിക് അനുയോജ്യമായ ഇനം Mord-ൽ ഉണ്ടായിരിക്കേ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 218908/218908 (Part 50000) MG- Road |
| പ്രൈസ് ഐഡി | 58720/2023 |
| കരാർ | 36/AE/LID&EV/ALP/2022-23/11.01.2023 (Tender Variation - Nil) |
| ടി എസ് | TS/58720/2022/29.09.2022 (CI 36.44%) |
| വൗച്ചർ | 147/2022-23/30.03.2023 |
| കരാറുകാരൻ | Sainudheen P T |
| നൽകിയ തുക (@ 2143.90/$m^3$- Cost Index 36.44% & Tender Variation - Nil) | 26373/-<br>[Ie, 10.425 $M^3$ * 2143.90/$m^3$ (+18% GST)] |
| നൽകാവുന്ന തുക (Mord 2.15 @ 1617.92/ $M^3$ _Cost Index 36.44% & Nil) | 19903/-<br>[Ie, 10.425 $M^3$ * 1617.92/$m^3$ (+18% GST)] |
| അധികം നൽകിയ തുക | 6470/- [Ie,26373- 19903] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 14/25.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം; 4841/- രൂപയുടെ അധിക ചെലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "വളച്ചെട്ടി ചീരംതൊടിമുക്ക് റോഡ് നവീകരണം (306/23)" എന്ന പ്രൊജക്ടിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റീ കോൺക്രീറ്റ് ചെയ്യുന്നതിന് ഗതാഗതയോഗ്യമല്ലാത്ത നിലവിലുള്ള കോൺക്രീറ്റ് പൊളിച്ച് മാറ്റണമെന്നും, ആയതിന് എസ്റ്റിമേറ്റിൽ ഇനം (ഇനം1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ (OD98374/2022-23) തയ്യാറാക്കി മീറ്റർ ക്യൂബിന് 2143.90/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. കൂടാതെ പഞ്ചായത്തിൽ തന്നെ മറ്റ് പ്രവൃത്തികളിൽ കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിന് Mord 2.15 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [ഉദാ. അമ്പലകുന്ന് ചെമ്പൻകുഴി റോഡ് (375/23) പ്രവൃത്തിയുടെ ഫയൽ കാണുക]. റോഡ് പ്രവൃത്തിക് അനുയോജ്യമായ ഇനം Mord-ൽ ഉണ്ടായിരിക്കേ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/150000 MG- Road |
| പ്രൈസ് ഐഡി | 58705/2023 |
| കരാർ | 34/AE/LID&EV/ALP/2022-23/10.01.2023 (Tender Variation - Nil) |

| | |
|---|---|
| ടി എസ് | TS/58705/2022/29.09.2022 (CI 36.44%) |
| വൗച്ചർ | 109/2022-23/21.03.2023 |
| കരാറുകാരൻ | Yousef P T |
| നൽകിയ തുക (@ 2143.90/m$^3$- Cost Index 36.44% & Tender Variation - Nil) | 19732/-<br>[Ie, 7.8 M$^3$ * 2143.90/m$^3$ (+18% GST)] |
| നൽകാവുന്ന തുക (Mord 2.15 @ 1617.92/ M$^3$ _Cost Index 36.44% & Nil) | 14891/-<br>[Ie, 7.8 M$^3$ * 1617.92/m$^3$ (+18% GST)] |
| അധികം നൽകിയ തുക | 4841/- [Ie,19732- 14891] |

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 15/25.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 711110 | 164/23, നെൽകൃഷി വികസനം ജനറൽ | 711110 | 0 |
| | 600000 | 143/23, മുട്ടക്കോഴി വിതരണം വനിത ജനറൽ | 600000 | 0 |
| | 1100000 | 87/23, ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 1100000 | 0 |
| | 467730 | 88/23, ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടികജാതി | 467730 | 0 |
| | 690000 | 91/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 690000 | 0 |
| | 200000 | 335/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 711110 | നെൽകൃഷി വികസനം ജനറൽ | 711110 | 0 |
| | 230000 | 91/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 230000 | 0 |
| | 3670000 | 88/23, ലൈഫ് മിഷൻ ഭവന നിർമ്മാണം-എസ്.സി. | 3670000 | 0 |
| | 344892 | 335/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 344892 | 0 |
| | 500000 | 155/23, എസ്.സി. | 500000 | 0 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 181/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 215/22-23 /30.1.23 | 152863 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 152863 |
| | 8/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 460/22-23 /25.3.23 | 173000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 173000 |
| | 130/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 245/22-23 /31.3.23 | 96453 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 96453 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC | G.O.MS. 772/2017/LSGD | 21774000 | 10626177 | 3489736 | - | 28910441 |
| സഹകരണ ബാങ്ക് വായ്പ | - | 0 | 434323 | 0 | 0 | 434323 |

ലോൺ രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .ആയതിനാൽ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

തൻ വർഷത്തെ വാർഷിക കണക്കിലെ ഷെഡ്യൂൾ B-12 പ്രകാരം സ്ഥിരം നിക്ഷേപം എന്ന ഹെഡിൽ 60,00,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

തൻ വർഷത്തെ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-10 പ്രകാരം Recovery From Employees-Audit Recovery Based On Audit Report / Audit Enquiry എന്ന ഹെഡിൽ 63109 രൂപയും Recovery From Others - Audit Recovery എന്ന ഹെഡിൽ 34678 രൂപയും Recovery From Employees - Audit Recovery Based On Surcharge Certificate എന്ന ഹെഡിൽ 15606 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2000-2001 | 4-3 | 2004-05 | തുക മുൻകൂർ ക്രമീകരിച്ചില്ല. | നടപടികൾ തുടരുന്നു |
| 2014-15 | 2(2) | 2016-17 | അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(4) | 2016-17 | അർദ്ധ വർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(5) | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2008-09 | 2-1 | സി പി സതീശൻ, സെക്രട്ടറി | LF11856/Sp.cell /SCD1/12 24-9-14 | 7680 | അടവാക്കിയിട്ടില്ല. |
| 2 | 2006-07 | 3-15 | കെ വേലായുധൻ, സെക്രട്ടറി | LF251/sp.cell /SCD1/13 10-10-14 | 15972 | അടവാക്കിയിട്ടില്ല. |
| 3 | 2006-07 | 3-9 Part 3-17 | പി വി പത്മനാഭൻ സെക്രട്ടറി | LF/10405/sp.cell /SCD1/12 26-9-14 | 186749 | അടവാക്കിയിട്ടില്ല. |
| 4 | 2008-09 | 3-1(എ) | സി പി സതീശൻ,സെക്രട്ടറി | LF11656/sp.cell /SCD1/12 24-10-14 | 63600 | അടവാക്കിയിട്ടില്ല. |
| 5 | 2000-01 | 43 | പി വിനോദ്കുമാർ, സെക്രട്ടറി | LF17404/sp.cell/SC 5/05 18-9-18 | 7904 | അടവാക്കിയിട്ടില്ല. |
| 6 | 2009-11 | 3-1<br>3-3<br>3-8 | വിക്രമൻ നമ്പൂതിരി സെക്രട്ടറി | LF16131/sp.cell /SC/D1/13 14-7-15 | 103025 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 1,77,14,163.05 |
| ഓഡിറ്റ് വർഷത്തെ വരവ് | 25,10,05,113 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 24,38,63,595 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71284 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4462047 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50921 | ശ്രീമതി. സൗമ്യ എം.പി, അസി. എൻജിനീയർ (Rs. 25460.5/-)<br>ശ്രീമതി. ഷറിൻ ബീഗം, അസി. എക്സി. എൻജിനീയർ (Rs. 25460.5/-) |
| 3-2 | | 9052 | ശ്രീമതി. സൗമ്യ എം.പി, അസി. എൻജിനീയർ (Rs. 4526/-)<br>ശ്രീമതി. ഷറിൻ ബീഗം, അസി. എക്സി. എൻജിനീയർ (Rs. 4526/-) |
| 3-3 | | 6470 | ശ്രീമതി. സൗമ്യ എം.പി, അസി. എൻജിനീയർ (Rs. 3235/-)<br>ശ്രീമതി. ഷറിൻ ബീഗം, അസി. എക്സി. എൻജിനീയർ (Rs. 3235/-) |
| 3-4 | | 4841 | ശ്രീമതി. സൗമ്യ എം.പി, അസി. എൻജിനീയർ (Rs. 2420.5/-)<br>ശ്രീമതി. ഷറിൻ ബീഗം, അസി. എക്സി. എൻജിനീയർ (Rs. 2420.5/-) |
| ആകെ | | 71284 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 475000 | സെക്രട്ടറി,ശ്രീ.ജബരാജ്.പി |
| 1-16 | 1666579 | സെക്രട്ടറി,ശ്രീ.ജബരാജ് .പി -1219263<br>സെക്രട്ടറി ,ശ്രീ.സുനിൽകുമാർ.ടി.പി-447316 |
| 1-17 | 7710 | സെക്രട്ടറി,ശ്രീ.സുനിൽകുമാർ.ടി.പി |
| 1-20 | 972990 | സെക്രട്ടറി,ശ്രീ.സുനിൽകുമാർ.ടി.പി |
| 1-26 | 173000 | അസി.സെക്രട്ടറി,ശ്രീ.നഹാസ്.എം |
| 1-27 | 3256 | അസി.സെക്രട്ടറി,ശ്രീ.നഹാസ്.എം |
| 1-31 | 39375 | വെറ്റിനറി ഡോക്ടർ,ഡോ.ഷീജ വാസു |
| 1-32 | 208518 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,ശ്രീമതി.സ്വപ്ന.കെ |
| 1-33 | 200000 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,ശ്രീമതി.സ്വപ്ന.കെ |
| 1-41 | 420000 | മെഡിക്കൽ ഓഫീസർ (PHC), ഡോ. സലീന പടിക്കൽ |
| ആകെ | 4462047 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. സൗമ്യ എം.പി, അസി. എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | പാറമേൽ ഹൌസ്, വെങ്ങാനെല്ലൂർ പി.ഒ, ചേലക്കര, തൃശ്ശൂർ, 680586 |
| ശ്രീമതി. ഷറിൻ ബീഗം, അസി. എക്സി. എൻജിനീയർ | അസി. എക്സി. എൻജിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ജാലകം ഹൗസ്, പൂപ്പലം, വലമ്പൂർ, മലപ്പുറം- 679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2002-03 | KSA.MPM 24/1982/18 Dtd 04.10.2019 | 6 |
| 2003-04 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2004-05 | LFM-10/1381/07 Dtd 04.2.11 | 23 |
| 2005-06 | LFM-11/1516/11 Dtd 21.03.12 | 8 |
| 2006-07 | LFM-11/1517/11 Dtd 21.3.12 | 16 |
| 2007-08 | KSA.MPM24/276/2022 Dtd 06.09.2022 | 17 |
| 2008-09 | KSA.MPM24/276/2022 Dtd 06.09.2022 | 12 |
| 2009-11 | KSA.MPM24/276/2022 Dtd 06.09.2022 | 23 |
| 2011-13 | KSA.MPM24/276/2022 Dtd 06.09.2022 | 25 |
| 2013-15 | KSA.MPM24/276/2022 Dtd 06.09.2022 | 16 |
| 2015-16 | KSA.MPM24/253/17 Dtd 14.02.18 | 20 |
| 2016-17 | KSA.MPM24/276/2022 Dtd 06.09.2022 | 13 |
| 2017-18 | KSA.MPM24/276/2022 Dtd 06.09.2022 | 13 |
| 2018-19 | KSA.MPM24/25/20 Dtd 07.08.19 | 21 |
| 2019-20 | KSA.MPM24/211/2022 Dtd 10.04.2023 | 17 |
| 2020-21 | KSA.MPM24/212/2022 Dtd 02.05.2023 | 18 |
| 2021-22 | KSA.MPM24/3087/2022 Dtd 04.08.2023 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aliparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aliparamba Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Aliparamba Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non production of investment certificate.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Monthly reconciliation not attested by secretary
3. Asset register is not up to date and is not reliable for audit.
4. Calculation sheet of depreciation not produced for verification.
5. Cashflow statement - Net increase in cashflow does not match with the difference between the opening balance and

closing balance of cash and cash equivalents.

6. Difference between actual Bank Book Amount and Bank Book Balance Amount as per Reconciliation statement.
7. Non production of bank statements for verification.
8. Discrepancy in carrying forward of the closing balance of the previous year in respect of the opening balance in the current year.
9. Mismatch in the closing balance as per advance register and AFS.
10. Loan register is not updated and hence not reliable for audit.
11. Audit recovery register is not updated and hence not reliable for audit.
12. It is not clear whether ILGMS includes all the information in Sankhya Accounting System.
13. Amount paid for deposit works not booked under separate head.
14. There is a mismatch between balance sheet and trial balance .

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്